വോളന്ററി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകൾ. എച്ച്.ഐ.വി. രോഗ നിർണ്ണയം, എച്ച്.ഐ.വി. എയ്ഡ്സ് ടെസ്റ്റ് ചെയ്യുന്നതിനുമുമ്പും പിമ്പും കൗൺസിലിംഗ്, രോഗ സാദ്ധ്യത, രോഗത്തിന്റെ ഗൗരവം, ചികിത്സ എന്നിവയെക്കുറിച്ചുള്ള അറിവ് എന്നിവ നൽകാൻ സെന്ററുകളിൽ സംവിധാനമുണ്ട്. മാത്രമല്ല എച്ച്.ഐ.വി. ടെസ്റ്റിന്റെ പരിശോധന ഫലം പോസിറ്റീവ് ആണെന്ന് തെളിയുകയാണെങ്കിൽ തൻമൂലം ഉണ്ടാകാവുന്ന മാനസിക സംഘർഷം നിയന്ത്രിക്കാനും ചികിത്സാരീതിയെക്കുറിച്ചും രോഗപരിചരണത്തെക്കുറിച്ചും ശരിയായ അറിവ് നൽകുവാനും ഈ സെന്ററുകൾ സഹായിക്കുന്നു.

(സി) 2005 ജനുവരി മുതൽ ഡിസംബർ വരെ 8091 പേർക്ക് ടെസ്റ്റ് നടത്തിയിട്ടുണ്ട്. 2006 ജനുവരി മുതലുള്ള റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല.

(ഡി-ഇ) ബോധവല്ക്കരണം ഈ കേന്ദ്രങ്ങളുടെ സേവനത്തിൽ വരുന്നതല്ല. പക്ഷേ മറ്റ് ബോധവല്ക്കരണ പരിപാടികളിൽ ഇവിടത്തെ കൗൺസിലേഴ്സ് പങ്കെടുക്കാറുണ്ട്.

എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ആശുപത്രി തുടങ്ങാൻ പദ്ധതി

123(1403) ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചിരുന്ന എല്ലാ പഞ്ചായത്തിലും ആയുർവേദ ആശുപത്രി എന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഈ പദ്ധതി പ്രകാരം ആയുർവേദ ആശുപത്രികൾ തുടങ്ങിയത് എന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും ഈ പദ്ധതി പ്രകാരം ഏതെല്ലാം പഞ്ചായത്തിൽ ആയുർവേദ ആശുപത്രികൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എങ്കിലും സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് ഘട്ടം ഘട്ടമായി ഇത് നടപ്പിലാക്കിവരുന്നു. സ്ഥലം, കെട്ടിടം, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്ന പഞ്ചായത്തുകളെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി അതിൽ നിന്നാണ് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് '22' ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു)†

†അനുബന്ധം-VI കാണുക

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

പ്രൈമറി സഹകരണ സംഘങ്ങൾ

124(1404) ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്രൈമറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ എത്രയെണ്ണമാണ് ലാഭകരമായി പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സഹകരണ സംഘങ്ങൾ എത്രയാണ്;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനം നിലച്ച സഹകരണ സംഘങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിന്മേൽ സംസ്ഥാനത്ത് നിലവിൽ 13032 പ്രൈമറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 3596 പ്രൈമറി സഹകരണ സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 1177 സഹകരണ സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് 198 സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലച്ചിട്ടുണ്ട്.

പലിശ ഇളവ് കൊടുത്ത വകയിൽ സകരണ സംഘങ്ങൾക്ക് അനുവദിച്ച തുക

125(1405) ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക കടാശ്വാസ പദ്ധതി പ്രകാരം 2004-2005-ൽ എത്ര മാസത്തെ പലിശ ഇളവാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[20-2-2006-ലെ 123(1403)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

2001 ഏപ്രിൽ മുതൽ 2005 വരെ അനുവദിച്ച ആയുർവ്വേദ ഡിസ്പെൻസറികളുടെ ലിസ്റ്റ്

ക്രമ നമ്പർ	ജില്ല	സ്ഥാപനത്തിന്റെ പേര്	പഞ്ചായത്തിന്റെ പേര്
1.	കൊല്ലം	പനയം	പനയം
2.	പത്തനംതിട്ട	കലഞ്ഞൂർ	കലഞ്ഞൂർ
3.	പത്തനംതിട്ട	നീർവിളാകം	ആറന്മുള
4.	കോട്ടയം	തിരുവാർപ്പ്	തിരുവാർപ്പ്
5.	ഇടുക്കി	വരിക്കമുത്തൻ ആദിവാസികോളനി	കഞ്ഞിക്കുഴി
6.	ഇടുക്കി	മുള്ളരിങ്ങാട് ആദിവാസികോളനി	വണ്ണപ്പുറം പഞ്ചായത്ത്
7.	എറണാകുളം	കോട്ടപ്പടി	കോട്ടപ്പടി
8.	തൃശ്ശൂർ	കൈപ്പമംഗലം	കൈപ്പമംഗലം
9.	പാലക്കാട്	പുതുനഗരം	പുതുനഗരം
10.	കോഴിക്കോട്	ബേപ്പൂർ	ബേപ്പൂർ
11.	തിരുവനന്തപുരം	വാമനപുരം	വാമനപുരം
12.	കൊല്ലം	വെളിനല്ലൂർ	വെളിനല്ലൂർ
13.	ആലപ്പുഴ	കുത്തിയതോട്	കുത്തിയതോട്
14.	കോട്ടയം	വാകത്താനം	വാകത്താനം
15.	ഇടുക്കി	കരിങ്കുന്നം	കരിങ്കുന്നം
16.	പാലക്കാട്	കുഴൽമന്ദം	കുഴൽമന്ദം
17.	മലപ്പുറം	കീഴുപറമ്പ്	കീഴുപറമ്പ്
18.	വയനാട്	മുപ്പൈനാട്	മുപ്പൈനാട്
19.	വയനാട്	തരിയോട്	തരിയോട്
20.	കണ്ണൂർ	മുഴക്കുന്ന്	മുഴക്കുന്ന്
21.	മലപ്പുറം	കണ്ണമംഗലം	കണ്ണമംഗലം
22.	മലപ്പുറം	പൊൻമുള	പൊൻമുള

LIBRARY ARCHIVES Kerala Legislative Assembly